# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 687

11.12.2012-ൽ
മറുപടിക്ക്.

## അതിവേഗ റെയിൽപാത

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ. ചന്ദ്രശേഖരൻ | ശ്രീ . പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പമന്ത്രി) |
| (എ)സംസ്ഥാനത്തെ നിർദ്ദിഷ്ട അതിവേഗ റെയിൽപാതയുടെ നിർമ്മാണ നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നറിയിക്കാമോ; | (എ) തിരുവനന്തപുരം മുതൽ കാസർകോട് വരെയുള്ള അതിവേഗ റെയിൽ കോറിഡോർ പദ്ധതിയുടെ സാദ്ധ്യതാ പഠന റിപ്പോർട്ട് തയ്യാറായി. വിശദമായ പദ്ധതിരേഖ ഡി.എം.ആർ.സി. തയ്യാറാക്കി വരുന്നു. പലയിടങ്ങളിലും ഉണ്ടായിട്ടുള്ള പൊതുജനങ്ങളുടെ എതിർപ്പ് കാരണം പദ്ധതിരേഖ തയ്യാറാക്കുന്നതിന്റെ ആവശ്യത്തിലേക്കുള്ള സർവ്വേ ഇപ്പോൾ നിറുത്തിവച്ചിരിക്കുകയാണ്. 11.12.2012 ൽ ഈ വിഷയം വിശദമായി ചർച്ച ചെയ്യുന്നതിന് ബന്ധപ്പെട്ട MLA മാരുടെയും MP മാരുടെയും ഒരു യോഗം ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചിട്ടുണ്ട്. |
| (ബി)പ്രസ്തുത പദ്ധതിക്ക് പ്രതീക്ഷിക്കുന്ന ചെലവ് എത്രയാണെന്നും അത് എങ്ങിനെ സ്വരൂപിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ? | (ബി) വിശദമായ പദ്ധതിരേഖ തയ്യാറാക്കി വരുന്നതേയുള്ളൂ. അത് ലഭിച്ചാൽ മാത്രമേ എത്ര രൂപ ചെലവ് വരുമെന്ന് പറയാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ